പട്ടികജാതിയിൽപ്പെടുത്തണമെന്ന ആവശ്യം

727. [1212] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരയൻ, വാലൻ, നുളയൻ, മുക്കുവൻ, അരയവാത്തി, മുകവീരൻ, ബോവി, വളഞ്ചിയാർ, പണിയാക്കൽ, മുകയൻ എന്നീ അവാന്തര വിഭാഗങ്ങളും ഉൾക്കൊള്ളുന്ന ധീവര സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെൻറിനോട് ശുപാർശ ചെയ്തിരുന്നുവോ, എങ്കിൽ എന്ന് ;

(ബി) കേന്ദ്ര ഗവൺമെൻറിൽ നിന്ന് ഇത് സംബന്ധിച്ച് എന്തെങ്കിലും മറുപടി കിട്ടിയോ ;

(സി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-10-1986-ൽ ശുപാർശ ചെയ്തിട്ടുണ്ട്.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

ചാക്കമർ സമുദായം

728. [1213] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാക്കമർ സമുദായത്തെ പട്ടികജാതി—പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെൻറ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ചാക്കമർ സമുദായത്തെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തണമെന്ന് കേരള ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനോട് ശുപാർശ ചെയ്തിരുന്നോ ; എങ്കിൽ കേന്ദ്ര ഗവൺമെൻറിൻെറ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ചാക്കമർ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെൻറിനോട് ശുപാർശ ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറിൻെറ പ്രതികരണം അറിവായിട്ടില്ല.

കേരള പുലയർ മഹാസഭയുടെ മാർച്ച്

729. [1214] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പുലയർ മഹാസഭ (കെ. പി. എം. എസ്) യുടെ ആഭിമുഖ്യത്തിൽ 1986 ഒക്ടോബർ ഒന്നിന് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്കു നടത്തപ്പെട്ട മാർച്ച് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കെ. പി. എം. എസ്. ഗവൺമെൻറിനു നൽകിയ അവകാശപത്രികയിലെ ആവശ്യങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ ;

(സി) അവയിൽ ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; ഏതെല്ലാംകൂടി നടപ്പിലാക്കുവാനുണ്ടെന്നു വ്യക്തമാക്കാമോ ;

(ഡി) ഇനിയും നടപ്പിലാക്കിയിട്ടില്ലാത്ത കാര്യങ്ങൾ ഉടനടി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഔദ്യോഗികമായി അറിയിച്ചിട്ടില്ല.

(ബി) അവകാശപത്രികയിലെ ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

1. നിലവിലുള്ള പത്തു ശതമാനം സംവരണം പന്ത്രണ്ടു ശതമാനമായി വർദ്ധിപ്പിക്കുകയും ജനസംഖ്യ ആനുപാതിക പ്രാതിനിധ്യം സർവീസിലും മറ്റു മേഖലകളിലും നൽകുകയും ചെയ്യണമെന്ന ഡാക്ടർ ബാബു വിജയനാഥ് കമ്മീഷന്റെ ശുപാർശ ഉടനടി നടപ്പാക്കുക.

2. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തിയിരുന്നുവെങ്കിൽ കിട്ടുമായിരുന്ന ഉദ്യോഗാവസരങ്ങളുടെ ചേതം നികത്തത്തക്കവിധം നടപടികൾ സ്വീകരിക്കുക. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിൽ അനുവദിക്കുന്ന ഇന്നത്തെ നിലപാടേ ഉപേക്ഷിക്കുക.

3. പൊതുമേഖലയിലും സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടക്കുന്ന എല്ലാ സ്ഥാപനങ്ങളിലും സംവരണം ഏർപ്പെടുത്തുകയും അതു പ്രയോഗത്തിൽ വരുത്തുന്നുണ്ടോയെന്നു പരിശോധിക്കാൻ പ്രത്യേക സംവിധാനം രൂപപ്പെടുത്തുകയും ചെയ്യുക.

4. സർക്കാർ സർവീസിലും പൊതുമേഖലകളിലുമുള്ള പ്രാതിനിധ്യക്കുറവു പരിഹരിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ റിക്രൂട്ടുമെന്റ് ഓരോ കാറ്റഗറിയിലും ഏർപ്പെടുത്തുകയും പ്രസ്തുത വഴിക്ക് നിയമനം ലഭിക്കുന്നവരെ പീഡിപ്പിക്കുകയും കീഴ് ജീവനക്കാരെ അവരുടെ തലയ്ക്കുമുകളിലൂടെ പ്രമോഷൻ നൽകി അവരോധിക്കുകയും ചെയ്യുന്ന ഇന്നത്തെനയം പാടേ അവസാനിപ്പിക്കുകയും ചെയ്യുക. ഹരിജൻ ഉദ്യോഗസ്ഥൻമാർക്കെതിരെ വ്യാപകമായി കണ്ടുവരുന്ന പീഡിപ്പിക്കലും പ്രതികാര നടപടികളും കർശനമായി തടഞ്ഞു നിർത്തുക.

5. മലബാറിലെ (വിശേഷിച്ചും പാലക്കാട്ടെ) തീയ്യ സ്ഥാനീയരായ തണ്ടാൻമാർക്ക് തിരു-കൊച്ചി പ്രദേശത്തെ തണ്ടാർ വിഭാഗത്തിനു നൽകുന്ന പട്ടികജാതി-പട്ടികവർഗ്ഗ ആനുകൂല്യം നടപ്പാക്കിക്കൊണ്ടു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ഉടനടി പിൻവലിക്കുകയും പട്ടികജാതിക്കാരാണെന്ന വ്യാജ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സംവരണ ചൂഷണം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ എടുക്കുകയും ചെയ്യുക.

6. പത്താംതരത്തിൽ തോൽക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് തുടർന്നു പഠിക്കുന്നതിനുള്ള ട്യൂഷൻ ഫീസും ലംപ്സംഗ്രാന്റും നൽകുകയും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും കാലോചിതമായി വർദ്ധിപ്പിക്കുകയും ചെയ്യുക.

7. സർക്കാർ ഉടമയിലുള്ള ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലും എല്ലാ മേഖലയിലുമുള്ള സഹകരണ സ്ഥാപനങ്ങളിലും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രതിനിധികളെ ഡയറക്ടർ ബോർഡുകളിലും ഉദ്യോഗങ്ങളിലും ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിനുള്ള ഉത്തരവു പുറപ്പെടുവിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

8. വരുമാനവും കുടുംബ പിൻബലവും പരിഗണിക്കാതെ ഹരിജനങ്ങളും കർഷകത്തൊഴിലാളികളുമായിരുന്ന മുഴുവൻ പേർക്കും കർഷകത്തൊഴിലാളി പെൻഷൻ നൽകാൻ സഹായകമാംവിധത്തിൽ ചട്ടത്തിൽ അയവു വരുത്തുക.

9. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു നേരെയുണ്ടാകുന്ന എല്ലാത്തരം ആക്രമങ്ങളും കൊലപാതകം, ബലാൽസംഗം തുടങ്ങിയ ക്രൂരതകളും അനേഷിച്ചു നടപടിയെടുക്കാൻ നിലവിലുള്ള പോലീസ് സംവിധാനത്തിന്റെ എല്ലാ തലങ്ങളിലും പ്രത്യേക സംവിധാനം ഉണ്ടാക്കുക.

10. 'പുലയ' സർട്ടിഫിക്കറുകളും പട്ടികജാതിയിൽപ്പെട്ട 'പുലയൻ' സർട്ടിഫിക്കറുകളല്ലെന്ന കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ നിലപാട് പുനഃപരിശോധിപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലും സമ്മർദ്ദവും ഉണ്ടാവുക.

11. ഹരിജൻ സ്ത്രീയെ ബലാൽസംഗം ചെയ്തതായി തെളിയിക്കപ്പെട്ടാൽ 5000 രൂപ ബലാൽസംഗവിധേയയ്ക്കു നൽകുമെന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവു പിൻവലിക്കുക.

(സി & ഡി) ആവശ്യങ്ങളിൽ നടപ്പിലാക്കിയവ താഴെ പറയുന്നു.

1. വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ മേഖലയിൽ അനുവദിക്കുന്ന സംപ്രദായം ഉപേക്ഷിക്കുക.

7-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് പുതിയതായി സ്കൂളുകളൊന്നും സ്വകാര്യ മേഖലയിൽ തുടങ്ങേണ്ടതില്ല എന്നും നിലവിലുള്ള എയ്ഡഡ് സ്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്യേണ്ടതില്ലെന്നും ഗവൺമെന്റിന്റെ ഒരു നയമെന്നോണം തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

2. പൊതുമേഖലയിലും സർക്കാരിന്റെ സഹായത്തോടുകൂടി നടത്തുന്ന സ്ഥാപനങ്ങളിലും സംവരണം ഏർപ്പെടുത്തുക.

പൊതുമേഖലാസ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിയമനത്തിൽ 10% സംവരണം നൽകണമെന്ന വ്യവസ്ഥ ഇപ്പോഴത്തന്നെ നിലവിലുണ്ട്. എന്നാൽ ഏതെങ്കിലും സ്ഥാപനത്തിൽ പ്രസ്തുത സംവരണ ശതമാനം ഓ വിഭാഗത്തിനു ലഭിച്ചിട്ടില്ലെങ്കിൽ ആയതു പരിശോധിച്ച് കമ്പനിതന്നെ അതു പരിഹരിക്കണമെന്ന ഉത്തരവും നിലവിലുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം ഇടയ്ക്കിടെ സർക്കാർതലത്തിൽ അവലോകനം ചെയ്യുന്നുമുണ്ട്. ഇതിന് പ്രത്യേകം കമ്മിറ്റികളും ഉണ്ടാക്കിയിട്ടുണ്ട്.

3. സ്പെഷ്യൽ റിക്രൂട്ടുമെന്റ് ഓരോ കാറ്റഗറിയിലും ഏർപ്പെടുത്തുകയും പ്രതികാര നടപടികളും നിർത്തലാക്കുകയും ചെയ്യുക.

സ്പെഷ്യൽ റിക്രൂട്ടുമെന്റുവഴി നിയമനം നടത്തുന്നതിനെ സംബന്ധിച്ച് ഓരോ വർഷവും വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ റിവ്യൂ ചെയ്യപ്പെടുന്നുണ്ട്. ആയതിന് പ്രത്യേകമായ വ്യവസ്ഥകളും നിലവിലുണ്ട്. ഹരിജൻ ഉദ്യോഗസ്ഥൻമാരെ പീഡിപ്പിക്കുന്നുവെന്നും അവർക്കെതിരെ പ്രതികാര നടപടികളും കൈക്കൊള്ളുന്നു എന്നും മറ്റുമുള്ള ആരോപണങ്ങളും അടിസ്ഥാനരഹിതങ്ങളാണ്.

4. മലബാറിലെ തീയ്യസ്ഥാനീയരായ തണ്ടാൻമാർക്ക് തിരു-കൊച്ചി പ്രദേശത്തെ തണ്ടാർ വിഭാഗത്തിനു നൽകുന്ന പട്ടികജാതി-പട്ടികവർഗ്ഗ ആനുകൂല്യം നിർത്തലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

മലബാറിലെ തീയ്യസ്ഥാനീയരായ തണ്ടാൻമാർക്ക് തിരു-കൊച്ചി പ്രദേശത്തെ തണ്ടാൻമാർക്കു നൽകുന്ന പട്ടികജാതി-പട്ടികവർഗ്ഗ ആനുകൂല്യങ്ങൾ നടപ്പാക്കിക്കൊണ്ട് ഒരു ഉത്തരവും സംസ്ഥാന ഗവൺമെൻറു പുറപ്പെടുവിച്ചിട്ടില്ല. 1976-ലെ പട്ടികജാതി-പട്ടികവർഗ്ഗ ഉത്തരവ് (ഭേദഗതി) നിയമപ്രകാരം തണ്ടാർ സമുദായം സംസ്ഥാനത്തൊട്ടാകെ പട്ടികജാതിയാണ്. വ്യാജസർട്ടിഫിക്കറിന്റെ അടിസ്ഥാനത്തിൽ സംവരണം നടത്തിയതായ കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

5. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാൻറും സ്റ്റൈപ്പൻറും കാലോചിതമായി പരിഷ്കരിക്കുക. 1-12-1984 മുതൽ ഇവയുടെ നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

6. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നേരെയുണ്ടാകുന്ന എല്ലാത്തരം ആക്രമങ്ങളും കൊലപാതകം, ബലാൽസംഗം തുടങ്ങിയ ക്രൂരതകളും അന്വേഷിച്ചു നടപടിയെടുക്കുവാൻ നിലവിലുള്ള പോലീസ് സംവിധാനത്തിന്റെ എല്ലാ തലങ്ങളിലും പ്രത്യേക സംവിധാനം ഉണ്ടാക്കുക.

സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗക്കാർക്കു നേരെ നടക്കുന്ന കൊലപാതകം, ബലാൽസംഗം തുടങ്ങി എല്ലാവിധ അതിക്രമങ്ങളും സംബന്ധിച്ച് അന്വേഷിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഒരു പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ (പി. സി. ആർ.) മേൽനോട്ടത്തിൽ ഒരു പ്രത്യേക സെൽ പ്രവർത്തിക്കുന്നുണ്ട്.

7. പുലയ സർട്ടിഫിക്കറുകൾ പട്ടികജാതിയിൽപ്പെട്ട പുലയൻ സർട്ടിഫിക്കറുകൾ അല്ലെന്ന കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ നിലപാടു പുനഃപരിശോധിപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലും സമ്മർദ്ദവും ഉണ്ടാവുക.

നിലവിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റുകളിൽ കാണുന്ന ജാതിനാമങ്ങളിൽ മാത്രമേ ജാതി സർട്ടിഫിക്കറുകൾ നൽകാവൂ എന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള പട്ടികജാതി ലിസ്റ്റിൽ 'പുലയ്നെ' യാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 'പുലയ' എന്ന ജാതി സർട്ടിഫിക്കറുകൾ നൽകിയാൽ പട്ടികജാതിയായി അംഗീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടാകും. കേന്ദ്ര ഗവൺമെൻറിന്റെ കീഴിലുള്ള വകുപ്പുകളിൽ പുലയയും പുലയനും ഒരേ സമുദായത്തെ പ്രതിനിധീകരിക്കുന്നതായതിനാൽ പുലയ എന്നതുകൂടി പുലയനോടൊപ്പം പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനോടു ശുപാർശ ചെയ്തിട്ടുണ്ട്.

നടപ്പിലാക്കാനുള്ളവ താഴെ പറയുന്നു.

1. സംവരണം വർദ്ധിപ്പിക്കുക.

സംവരണം വർദ്ധിപ്പിക്കാൻ സാധ്യമല്ല.

1. സർക്കാർ ഉടമയിലുള്ള ബോർഡുകൾ, കമ്പനികൾ മുതലായവയിൽ പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികളെ ഡയറക്ടർ ബോർഡുകളിലും ഉദ്യോഗങ്ങളിലും ഉൾപ്പെടുത്തുക.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡുകളിലും മറ്റും സാമുദായിക പ്രാതിനിധ്യം പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly

3. വരുമാനവും കുടുംബപിൻബലവും നോക്കാതെ കർഷക തൊഴിലാളി പെൻഷൻ നൽകാൻ ചട്ടത്തിൽ അയവുവരുത്തുക.

വരുമാനപരിധി നോക്കാതെ പെൻഷൻ നൽകുക എന്ന ആവശ്യം നിലവിലുള്ള ചട്ടപ്രകാരം അനുവദനീയമല്ല.

4. ഹരിജൻ സ്ത്രീയെ ബലാൽസംഗം ചെയ്തതായി തെളിയിക്കപ്പെട്ടാൽ ബലാൽസംഗവീധേയയ്ക്ക് 5000 രൂപ നൽകുമെന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവു പിൻവലിക്കുക. പ്രസ്തുത ധനസഹായം തൽക്കാലം പിൻവലിക്കാൻ ഉദ്ദേശിക്കുന്നില്ല.

5. പത്താംതരത്തിൽ തോൽക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് തുടർന്നു പഠിക്കുന്നതിനുള്ള ട്യൂഷൻ ഫീസും ലംപ്സം ഗ്രാന്റും നൽകുക.

ഈ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

പട്ടികജാതിക്കാരുടെ വീട് ഓടുമേയുന്നതിനുള്ള ഗ്രാന്റ്

730. [1215] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ വർഷം ഹരിജനക്ഷേമ വകുപ്പിന്റെ കീഴിൽ പട്ടികജാതിക്കാർക്ക് വീട് ഓടുമേയുന്നതിനുള്ള ഗ്രാന്റ് കൂടുതൽ പേർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഈ ഇനത്തിൽ എത്രപേരെ തെരഞ്ഞെടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) തിരുവനന്തപുരം കളക്ടറാഫീസിൽ നൽകിയിട്ടുള്ള ലിസ്റ്റ് നറുക്കെടുക്കുവാനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ മാത്രമേ പട്ടികജാതിക്കാർക്ക് വീട് ഓടുമേയുന്നതിനുള്ള ധനസഹായം നൽകാൻ സാധിക്കുകയുള്ളൂ. ഈ സാമ്പത്തികവർഷം 3 ലക്ഷം രൂപ മാത്രമേ ഇതിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളൂ. ടി തുക എല്ലാ ജില്ലകൾക്കുമായി ജനസംഖ്യാനുപാതികമായി വീതിച്ചു നൽകിയിട്ടുണ്ട്. ആകെ 150 പേരെയാണ് ധനസഹായം നൽകുവാൻ തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) 16 പേരെ.

(സി) 24-10-1986-ൽ 16 പേരെ തെരഞ്ഞെടുത്തു. ലിസ്റ്റ് കളക്ടറാഫീസിൽ അല്ല. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ആണ് കൊടുക്കുന്നത്.

ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള പരിപാടികൾ

731. [1218] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

ടൂറിസ്റ്റ് വാരാഘോഷത്തോടനുബന്ധിച്ച് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഈ വർഷം എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്തുവെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly